# ഏലിയകാലം
## വചന വിചിന്തനം
### ഏലിയകാലം ഒന്നാം ഞായർ
ലൂക്കാ 18,35-19,10

> **അനുതാപം വിശ്വാസത്തിന്റെയും വിശ്വാസം സഖ്യത്തിന്റെയും കാരണങ്ങളാണ്.**

*35 അവൻ ജറീക്കോയെ സമീപിച്ച പ്പോൾ ഒരു കുരുടൻ വഴിയരുകിൽ ഇരുന്ന് ഭിക്ഷയാചിക്കുന്നുണ്ടായിരുന്നു.*

ജറുസലേമിലെ രാജാക്കൻമാർക്ക് ജറിക്കോയിൽ വസന്തകാലവസതികളുണ്ടായിരുന്നു. ജറുസലേം തീർത്ഥാടകരുടെ അവസാനവിശ്രമസങ്കേതം അതായിരുന്നു. ഈശോ അതിലെ കടന്നുപോകുന്നുവെന്ന് അന്ധനു മനസിലാകുന്നത് , അവിടുത്തെ സഹയാത്രികരിൽനിന്നാണ്. ജറിക്കോയെക്കുറിച്ചുള്ള പരാമർശനത്തിൽനിന്നു പേരായവഴി (യോർദ്ദാൻ താഴ്‌വര) ജറുസലേമിലേയക്കുപോകുന്നെന്നാണ്. പഴയനിയമത്തിലും ജറിക്കോയെക്കുറിച്ചു പരാമർശമുണ്ട് (ജോഷ്വ 2.7). അന്ധനു കാഴ്ച നല്കുകയെന്നതു മെശയാനികദൗത്യത്തിന്റെ ഭാഗമാണ്.

"ദാവീദിൻെറ പുത്രനായ യേശുവേ, എന്നിൽ കനിയണമേ..." ലേകചരിത്രത്തിലെതന്നെ ഏറ്റവും സുന്ദരമായ പ്രാർത്ഥനകളിലൊന്ന്...

*36 ജനക്കൂട്ടം കടന്നുപോകുന്ന ശബ്ദം കേട്ട് എന്താണ് സംഭവിക്കുന്നതെന്ന് അവൻ അന്വേഷിച്ചു. 37 നസറായനായ യേശു കടന്നുപോകുന്നു എന്ന് അവർ പറഞ്ഞു.*

അതിലെ കടന്നുപോകുന്ന ജനക്കൂട്ടത്തെക്കുറിച്ച് അന്ധൻ അന്വേഷിക്കുന്നു. 'നസറായനായ ഈശോ കടന്നുപോകുന്നു' എന്ന ഉത്തരമാണ് അവനു ലഭിക്കുന്നത്. ഈജിപ്തുകാരെ സംഹരിക്കുന്നതിനുവേണ്ടി കർത്താവും കടന്നുപോകുന്നതിൽനിന്നു വ്യത്യസ്തമാണിത് (പുറ 12.23).

*38 അപ്പോൾ അവൻ വിളിച്ചു പറഞ്ഞു: ദാവീദിൻെറ പുത്രനായ യേശുവേ, എന്നിൽ കനിയണമേ!*

'ദാവീദിന്റെ പുത്രൻ' എന്ന പദവി, ഈശോയെ ഒരു ഭൗമീകസാമ്രാട്ടായി തെറ്റിദ്ധരിക്കാൻ സാധ്യതയുള്ളതാണ് (1.33, 20.41, 20.44). ആരാധനക്രമങ്ങളിൽ കാണുന്നതുപോലുള്ള സഹായാഭ്യർത്ഥനയാണ് അന്ധൻ നടത്തുന്നത്, 'എന്നിൽ കനിയണമേ...' (17.13). യഹൂദർ സഹായം പ്രതീക്ഷിക്കുന്നത് മിശിഹായിൽ നിന്നല്ല, ദൈവത്തിൽ നിന്നാണ്. ഇവിടെ കാണുന്നത് ക്രീസ്തീയസങ്കല്പമാണ്. ആദിമസഭയാണ് ദാവീദിന്റെ പുത്രനായ മിശിഹായെ 'കർത്താവായി' കാണുന്നത്.

*39 മുമ്പേ പൊയ്ക്കൊണ്ടിരുന്നവർ, നിശ്ശ ബ്ദനായിരിക്കാൻ പറഞ്ഞ് അവനെ ശകാരിച്ചു. അവനാകട്ടെ, കൂടുതൽ ഉച്ചത്തിൽ ദാവീദിൻെറ പുത്രാ, എന്നിൽ കനിയണമേ എന്നു നിലവിളിച്ചുകൊണ്ടിരുന്നു.*

ജനങ്ങൾ അയ്യാളെ ശാസിക്കാൻ കാരണമുണ്ട്. ആഘോഷമായ പ്രദിക്ഷണം നീങ്ങുമ്പോൾ, അതിനെ അലോസരപ്പെടുത്തുന്ന ശബ്ദങ്ങൾ ആരും സഹിക്കയില്ല. തീർത്ഥാടകർ ജറുസലേമിലേക്കു നീങ്ങുന്ന അവസരമാണിത്. അയാൾ മിണ്ടടങ്ങാതെ, ഉച്ചത്തിൽ

നിലവിളിക്കയാണ് (സങ്കീ 6.4, സങ്കീ 41.4;10). അയാൾ ഈശോയിലുള്ള വിശ്വാസം പ്രക ടമാക്കുന്നു. അയാൾ നിരന്തരമായി പ്രാർത്ഥിക്കുന്നവരുടെ പ്രതിനിധിയായി മാറുന്നു.

*40-41 യേശു അവിടെ നിന്നു; അവനെ തൻെറ അടുത്തേക്കുകൊണ്ടുവരാൻ കൽപിച്ചു. അവൻ അടുത്തു വന്നപ്പോൾ യേശു ചോദിച്ചു:ഞാൻ നിനക്കുവേണ്ടി എന്തു ചെയ്യണമെന്നാണു നീ ആഗ്രഹിക്കുന്നത്? അവൻ പറഞ്ഞു: കർത്താവേ, എനിക്കു കാഴ്ച വീണ്ടുകിട്ടണം.*

'ദാവീദിന്റെ പുത്രൻ' എന്ന പദവി ഈശോ അംഗീകരിക്കുന്നതായി കരുതേണ്ടിയിരി ക്കുന്നു. ഈശോ അയാളുടെ സംബോധനയെക്കാരുപരി, അയാളുടെ അപേക്ഷയാണു സ്വീകരിക്കുന്നത്. ഈശോ അയാളെ തന്റെ പക്കലേയ്ക്കു വിളിക്കുമ്പോൾ, അയാൾ തന്റെ ആവശ്യം ആവർത്തിക്കുന്നു. 'എന്റെ കർത്താവേ, എനിക്കു കാണണം' (18.38-39). 'കർത്താവേ,' എന്ന വിളിവഴി അയാൾ ആശ്രയിക്കുന്നത്, രോഗികളുടെയും ദരിദ്രരുടെയും സഹായകനിലാണ്. ഫിലി 2.3-ാം വാക്യത്തിൽ, കർത്താവിനെക്കുറിച്ചു കാണുന്ന ഉന്നത സങ്കല്പം ഇവിടെ പ്രതീക്ഷിക്കേണ്ടതില്ല.

*42 യേശു പറഞ്ഞു: നിനക്കു കാഴ്ചയുണ്ടാകട്ടെ. നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.*

അന്ധന്റെ പ്രാർത്ഥന കേട്ടതിനുശേഷം, 'നീ കാണുക; നിന്റെ വിശ്വാസം നിന്നെ രക്ഷി ച്ചിരിക്കുന്ന' എന്നാണ് ഈശോ പറയുന്ത്. അയാൾക്കു കാണാൻ കഴിയുന്നത്, അയാ ളുടെ വിശ്വാസം മൂലമാണെന്നു സ്പഷ്ടം (7.50; 8.48; 17.19).

"യേശു പറഞ്ഞു: നിനക്കു കാഴ്ചയുണ്ടാകട്ടെ. നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു." ദൈവത്തിന്റെ വചനം ശക്തിദായകമാണ് എന്നതിന് ഇതിൽപരം എന്ത് അടയാളം!

*43 തത്ക്ഷണം അവനു കാഴ്ച ലഭിച്ചു. അവൻ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് യേശുവിൻെറ പിന്നാലെ പോയി. ഇതുകണ്ട് എല്ലാവരും ദൈവത്തെ സ്തുതിച്ചു.*

കാഴ്ച് ലഭിക്കുന്ന അന്ധനും ആ അത്ഭുതം കണ്ട ജനവും ദൈവത്തെ സ്തുതി ക്കുന്നു. അവരുടെ സ്തുതിപ്പ് 19.37 മുതൽ വാക്യങ്ങളിൽ കാണുന്ന സ്തുതിപ്പിന്റെ നാന്ദിയാണ്. കാഴ്ച ലഭിച്ചവൻ ഈശോയെ അനുഗമിക്കുന്നെന്ന കാര്യം ശ്രദ്ധാർഹമാണ്. അയാൾക്കു ലഭിച്ച രോഗശാന്തി, അവിടുത്തെ അനുഗമിക്കാനുള്ള ആഹ്വാനമായിരുന്നു. ശെമയോൻ, യാക്കോബ് എന്നിവരെപ്പോലെ അയാളും ഈശോയെ അനുഗമിക്കുന്നു (5-11).

*1-2 യേശു ജറീക്കോയിൽ പ്രവേശിച്ച് അതിലൂടെ കടന്നുപോവുകയായിരുന്നു. അവിടെ സക്കേവൂസ് എന്നു പേരായ ഒരാളുണ്ടായിരുന്നു. അവൻ ചുങ്കക്കാരിൽ പ്രധാനനും ധനികനുമായിരുന്നു.*

യൂദായുടെ അതിർത്തിയെന്ന നിലയിൽ ആ പ്രദേശത്ത് അനേകം ചുങ്കസ്ഥലങ്ങളു ണ്ടായിരുന്നു. ആ സ്ഥലങ്ങളിൽനിന്നു ചുങ്കം പിരിക്കാനുള്ള അവകാശം ഭരണാധികാരി കളിൽനിന്നു നേടിയിരുന്ന പ്രധാന ചുങ്കക്കാരനായിരുന്നു അയാൾ. സക്കായ എന്ന ഹീബ്രു നാമത്തിന്റെ ലത്തീൻരുപമാണ് സക്കേവൂസ് എന്നത്. അക്കാലത്ത് സമ്പത്ത് അന്യാ യമായി ആർജ്ജിക്കാൻ പറ്റിയ തൊഴിലായിരുന്നു ചുങ്കംപിരിവ്. അയാളും അങ്ങനെ ചെയ്തിരിക്കാം (19.8). അനീതി പ്രവർത്തിക്കുന്നവരെന്നനിലയിൽ പാപികളായി കരുതി ജനങ്ങൾ അവരെ വെറുത്തിരുന്നു.

*3-4 യേശു ആരെന്നു കാണാൻ അവൻ ആഗ്രഹിച്ചു. പൊക്കം കുറവായിരുന്നതിനാൽ ജനക്കൂട്ടത്തിൽ നിന്നുകൊണ്ട് അതു സാധ്യമായിരുന്നില്ല. യേശുവിനെ കാണാൻവേണ്ടി അവൻ മുമ്പേ ഓടി, ഒരു സിക്കമൂർ മരത്തിൽ കയ റിയിരുന്നു. യേശു അതിലേയാണ് കടന്നുപോകാനിരുന്നത്.*

ഈശോയെ കാണാൻ ഹേറോദേസിനെപ്പോലെ (9.9) അയാൾക്കു ജിജ്ഞാസയുണ്ടായിരുന്നിരിക്കാം. അതിനായി അയാൾ ഓടുന്നതും മരത്തിൽകയറുന്നതും അയാളുടെ അത്യുൽക്കടമായ ആഗ്രഹം പ്രകടമാക്കുന്നു. ലൂക്കായെ സംബന്ധിച്ചിടത്തോളം, അന്ധരും പാപികളും രക്ഷ കാണുമെന്ന ആശയം പ്രാധാന്യമർഹിക്കുന്നു. വഴിവക്കിൽ നിന്നാൽ ഈശോയെ കാണുക വിഷമമായിരുന്നതിനാലാവാം, പ്രധാന ചുങ്കക്കാരനായിരുന്നിട്ടും അയാൾ ഒരു കാട്ടത്തിമരത്തിൽ കയറുന്നത്.

*5 അവിടെയെത്തിയപ്പോൾ അവൻ മുകളിലേക്കു നോക്കിപ്പറഞ്ഞു: സക്കേവൂസ്, വേഗം ഇറങ്ങിവരുക. ഇന്ന് എനിക്കു നിൻെറ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു.*

അയാളുടെ ആ പ്രവർത്തനമാവാം ഈശോയെ ആകർഷിക്കുന്നത്. ഈശോ മുകളിലേക്കു നോക്കുന്നതിലും അയാളെ പേരുചൊല്ലി വിളിക്കുന്നതിലും അവിടുത്തേയ്ക്ക് അയാളിലുള്ള താല്പര്യം പ്രകടമാക്കുന്നു. അയാൾ ഇറങ്ങിവരണമെന്ന് ആഹ്വാനത്തിലും, താൻ അയാളോടൊപ്പം താമസിക്കാൻ ആഗ്രഹിക്കുന്നെന്ന അഭിപ്രായപ്രകടനത്തിലും അതു സ്പഷ്ടമാണ്. ഈശോ പശ്ചാത്താപപ്രസംഗം നടത്തുന്നില്ലെങ്കിലും, അതിന്റെ ഫലം ഉളവാകുന്നു. മറ്റുള്ളവർ ചുങ്കക്കാരനെ വെറുക്കുമ്പോൾ, ഈശോ അയ്യാളെ സ്നേഹിക്കുന്നു. പാപികളുമൊത്തുള്ള സഹവാസത്തിന് ഇങ്ങനെയൊരു നല്ല വശമുണ്ട്.

“ഇതുകണ്ട് എല്ലാവരും ദൈവത്തെ സ്തുതിച്ചു...” അനുഗ്രഹങ്ങൾ ദർശിക്കുമ്പോൾ അനുഗ്രഹദാതാവിനെ സ്തുതിക്കാൻ സാധിക്കണം. ഇത് വിശുദ്ധിയുടെ ലക്ഷണമാണ്...

*6 അവൻ തിടുക്കത്തിൽ ഇറങ്ങിച്ചെന്ന് സന്തോഷത്തോടെ അവനെ സ്വീകരിച്ചു.*

അയാൾ പെട്ടെന്ന് ഇറങ്ങിവരുന്നു. രക്ഷയുടെ സമയം നഷ്ടമാക്കാനുള്ളതല്ല. ഈശോയുടെ ജനനവാർത്ത ഗ്രഹിക്കുന്ന ആട്ടിടയരെപ്പോലെ, പെട്ടെന്നാണ് സക്കെ പ്രവർത്തിക്കുന്നത്. ഈശോയുടെ ശിഷ്യരും അവിടുത്തോടൊപ്പം സക്കെയുടെ വീട്ടിൽ രാത്രി കഴിച്ചുകൂട്ടിയോ എന്നറിഞ്ഞുകൂടാ.

*7 ഇതു കണ്ടപ്പോൾ അവരെല്ലാവരും പിറുപിറുത്തു: ഇവൻ പാപിയുടെ വീട്ടിൽ അതിഥിയായി താമസിക്കുന്നല്ലോ.*

ഈശോ ഒരു പാപിയോടൊപ്പം ഭക്ഷിക്കുകയും താമസിക്കയും ചെയ്യുന്നതിൽ ജനങ്ങൾക്കും അതൃപ്തിയും ഇടർച്ചയുമാണുണ്ടാകുന്നത്. ഈശോയോടൊപ്പം ജറുസലേമിലേക്കു പോകുന്നവർക്കും അവിടുത്തെ മനസ്സിലാക്കാൻ കഴിയുന്നില്ല്.

*8 സക്കേവൂസ് എഴുന്നേറ്റു പറഞ്ഞു: കർത്താവേ, ഇതാ, എൻെറ സ്വത്തിൽ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നു. ആരുടെയെങ്കിലും വക വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ, നാലിരട്ടിയായി തിരിച്ചു കൊടുക്കുന്നു.*

താൻ പശ്ചാത്തപിക്കുന്നെന്നും തന്റെ പശ്ചാത്താപം പ്രവൃത്തികൾവഴി പ്രകടമാകാകൻ സന്നദ്ധനാണെന്നും അയാൾ സ്പഷ്ടമാക്കുന്നു. ചുങ്കക്കാരൻ ന്യായമായി ആർജ്ജിച്ച സമ്പത്തുണ്ട്; അന്യായമായി ആർജ്ജിച്ച സമ്പത്തുമുണ്ട്. ന്യയമായി സമ്പാദിച്ചവയുടെ പകുതി ധാർമ്മദാനം ചെയ്യാനും, അന്യായമായി സമ്പാദിച്ചതിന്റെ നാലിരട്ടി മടക്കിക്കൊടുത്ത് പരിഹാരം ചെയ്യാനും അയാൾ ഒരുക്കമാണ്. പാപങ്ങൾ ക്ഷമിക്കുന്ന ദൈവത്തോടു മനുഷ്യൻ കൃതജ്ഞനായിത്തീരുന്നു. ദാർമ്മദാനങ്ങളും ജീവകാരുണ്യപ്രവൃത്തികളും ഒരുവനെ പാപമോചനത്തിൻ അർഹനാക്കുന്നു.

ഇവിടെ കാണുന്നതു യഹൂദചിന്താഗതിയാണ്. നിയമം അനുശാസിക്കുന്നതിൽ കൂടുതൽ ധർമ്മദാനം ചെയ്യാനും പരിഹാരം ചെയ്യാനും അയാൾ ഒരുക്കമാണ്. നിയമജ്ഞരുടെ വ്യാഖ്യനാമനുസരിച്ച്, ഒരാൾ തന്റെ സമ്പത്തിന്റെ അഞ്ചിലൊന്നുഭാഗം ധർമ്മദാനം ചെയ്താൻ മതിയാവും. നാലിരട്ടി നഷ്ടപരിഹാരം വളരെ കൂടുതലാണ്. താൻ വഞ്ചിച്ചെടുത്തിണ്ടുണ്ടെന്ന് അയാൾ സമ്മതിക്കുന്നു. സക്കെയുടെ അനുതാപം പൂർണ്ണമാണ്. ദൈവ

ത്തിൽ നിന്നും പാപമോചനം നേടിയവർ കൃതജ്ഞതയോടെ ധർമ്മദാനങ്ങൾ ചെയ്തിരുന്നെന്ന് ഈ സംഭവം അനുസ്മരിപ്പിക്കുന്നു.

*9 യേശു അവനോടു പറഞ്ഞു: ഇന്ന് ഈ ഭവനത്തിനുരക്ഷ ലഭിച്ചിരിക്കുന്നു. ഇവനും അബ്രാ ഹത്തിൻെറ പുത്രനാണ്.*

ഈശോ സക്കെയോടു പറയുന്ന പാക്കുകൾ വെളിക്കുനിൽക്കുന്ന ജനക്കൂട്ടത്തെ കൂടിയുദ്ദേശിച്ചുള്ളതാണ്. അബ്രാഹത്തോടു ദൈവം വാഗ്ദാനം ചെയ്ത രക്ഷയുടെ അവകാശിയാണു സക്കൈ. ഈശോ ഒരു പാപിയുടെ വീട്ടിൽ പ്രവേശിക്കുകവഴി ആ വീടിനു രക്ഷയുണ്ടായി. 'പശ്ചാത്തപിക്കയും ധാർമ്മദാനങ്ങൾ ചെയ്യുകയും ചെയ്യുന്ന സക്കൈ യഥാർത്ഥത്തിൽ അബ്രാഹത്തിന്റെ പുത്രൻതന്നെ. വെളിക്കു നിൽക്കുന്നവരും ചെയ്യേണ്ടത് അതാണ്. അപ്പോൾ അവരുടെ വീടുകൾക്കും രക്ഷയുണ്ടാകും (3.8= കല്ലുകളിൽനിന്ന് അബ്രാഹത്തിനു സന്തതികളെ പുറപ്പെടുത്താൻ ദൈവത്തിന് കഴിയും).

*10 നഷ്ടപ്പെട്ടുപോയതിനെ കണ്ടെത്തി രക്ഷിക്കാനാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത്.*

“ഇന്ന് ഈ ഭവനത്തിനുരക്ഷ ലഭിച്ചിരിക്കുന്നു...” ഒരു വ്യക്തിയിലൂടെ ഒരു കുടുംബത്തിന് രക്ഷ ലഭിക്കുന്നത് മാനസാന്തരപ്പെടുമ്പോൾ മാത്രമാണ്!

മനുഷ്യപുത്രന്റെ വരവിന്റെ ലക്ഷ്യം പാപികളെ പശ്ചാത്താപത്തിലേക്കു ക്ഷണിക്കുകയാണ് (5.32). ഈശോയ്ക്ക് പാപികളോടുള്ള സ്നേഹം പ്രകടമാക്കുന്ന ഒരു വാക്യമാണിത്. മനുഷ്യപുത്രനു പാപമോചനാധികാരമുണ്ട്. സക്കൈ ഈശോയോടു വാഗ്ദാനം ചെയ്തതുപോലെ, പ്രവർത്തിച്ചെന്നു കരുതാം. അല്ലാത്തപക്ഷം, അയാളുടെ വാഗ്ദാനം അർത്ഥമില്ലാത്തതായിത്തീരുന്നു. അനുവാചകർ തങ്ങളെത്തന്നെ സക്കൈയുടെ സ്ഥാനത്തു കാണേണ്ടിയിരിക്കുന്നു. ഈശോയെ കാണാൻ വേണ്ടതെല്ലാം ചെയ്യണം. തങ്ങളെ സന്ദർശിക്കാനുള്ള ഈശോയുടെ ആഗ്രഹം മനസ്സിലാക്കി, പാപികളായിരുന്നാൽത്തന്നെയും അവിടുത്തെ സ്വീകരിക്കാൻ തയ്യാറാവണം. അങ്ങനെ, ഓരോരുത്തരും 'ഇന്നു തന്നെ രക്ഷ നേടുകയും വേണം.'

---

കടപ്പാട്: **റവ.ഡോ.തോമസ് കയ്യാലപറമ്പിൽ**
***“സുവിശേഷ വ്യഖാനം: ലൂക്കാ”***